# ജി.എച്ച്.എസ്.എസ്.മമ്പറം



ഡിജിറ്റൽ മാഗസിൻ
2023-24

# e-ദളം



# LITTLEKITES

## DIGITAL MAGAZINE 2023-24

GOVT.HIGHER SECONDARY SCHOOL,MAMBRAM
AYITHARA MAMBRAM( PO),KOOTHUPARAMBA 670643
PH:
**EMAIL:ghssmambram@gmail.com**



# സന്ദേശം



പൊതുവിദ്യാഭ്യാസരംഗം വളരെ വലിയൊരു പരിവർത്തന ഘട്ടത്തിലാണ്. അക്കാദമികമായ മികവുകൾക്കൊപ്പം ഇന്ന് സാംസ്കാരികമായ ഉണർവുകളും എല്ലാം വിദ്യാലയങ്ങളിലും പ്രകടമാണ്. ഈ ദിശയിലുള്ള മികച്ച പ്രവർത്തനമാണ് ഈ മാഗസിൻ. വിദ്യാർഥികളുടെ സർഗാത്മക രചനകൾ പ്രസിദ്ധീകരിക്കുന്നതിലൂടെ ഓരോരുത്തരിലും ഉള്ള പ്രതിഭയ്ക്ക് കിട്ടുന്ന ഒരു വലിയ അംഗീകാരം തന്നെയായി ഇത് മാറുകയാണ്. ഈ സംരംഭത്തിന് എല്ലാവിധ ആശംസകളും.

ഹെഡ് മിസ്ട്രസ്
**ജി.എച്ച് .എച്ച് .എസ്.മമ്പറം**

# ആമുഖം

സർഗാത്മകത അറിവിന്റെ സൗന്ദര്യമാണ്. ചിന്തയുടെയും ഭാവനയുടെയും വെളിച്ചം നേടുന്നതിലൂടെ ഓരോ വിദ്യാർത്ഥിയും പഠനത്തെ അതിന്റെ ആഴത്തിൽ തന്നെ ഉൾക്കൊള്ളും. എന്നതിൽ സംശയമില്ല. പാഠപുസ്തകത്തിൽ നിന്ന് ആർജ്ജിച്ച വിജ്ഞാനങ്ങൾക്കൊപ്പം പുതിയ നിരീക്ഷണങ്ങൾ അവതരിപ്പിക്കാൻ കുട്ടികൾക്ക് പ്രചോദനമാകും .കഥ, കവിത ,ലേഖനം തുടങ്ങിയ ഭാഷാ വ്യവഹാരങ്ങളിൽ കുട്ടികൾ സ്വാഭാവികമായും എത്തിച്ചേരണമെന്നില്ല, പലരും അവസരങ്ങളെ വിനിയോഗിക്കുക വഴി തേജോമയമായ ഒരു ഇടത്തിൽ എത്തിച്ചേരുകയാണ് ചെയ്യാറ് .ഇതിലേക്കുള്ള സുഗമമായ ഒരു വഴിയാണ് സ്കൂൾ മാഗസിനുകൾ. പ്രസിദ്ധീകരിക്കുന്ന ”e-ദളം” എന്ന ഡിജിറ്റൽ മാഗസിൻ നൽകുന്ന പ്രതീക്ഷ വലുതാണ് .ഞങ്ങളുടെ ”e- ദളം” നിങ്ങൾ സ്വീകരിക്കുക.

സ്നേഹത്തോടെ

ചീഫ് എഡിറ്റർ

# ഉള്ളടക്കം


1. മരണം വിശുദ്ധം ................................................പി.എം.സജിത്ത് കുമാർ 6
2. ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ 7
3. നോവ് ..........................................................സന്മയ പി 8
4. വേനൽ മഴ ................................... നിയ കൃഷ്ണ 9
5. കാത്തിരിപ്പിന്റെ അവസാനം ............................. ലിസ്മ കെ 10
6. കുഞ്ഞിപ്പൂമ്പാറ്റ ..............................................നിഹാര എ 12
7. THOUGHTS ............................................... ദേവാഞ്ജന കെ 13
8. മീനുവിന്റെ കൂട്ടുകാർ ..........................................അലൻ അനൂപ് 14
9. എന്റെ പൂന്തോട്ടം....................................... സിയോണ രഞ്ജിത്ത് 16
10. മുറിച്ചീടല്ലേ .......................................... ശ്രിയ ഷിജോയ് 17
11. നാട്ടുമാവ്........................................... അഭിനവ് സോമൻ 18
12. നിഴൽ ...................................................ശ്രാവണ ജ്യോത്സ്ന 22
13. ലഹരി................................... നാജിയ ഫാത്തിമ 23
14. അവനി................................................. അനീന ബിജോയ് 24
15. പഠന യാത്ര വിവരണം..................................... അർച്ചന പി 25



എഡിറ്റോറിയൽ ടീം

മുശ്‌രിഫ ബീവി .ടി ( കൈറ്റ് മിസ്ട്രസ് )
ശ്രീനിവാസൻ പി.വി. ( കൈറ്റ് മാസ്റ്റർ )
ലിറ്റിൽ കൈറ്റ് 2022 -25 ബാച്ച് അംഗങ്ങൾ

ചിത്രീകരണം

ഗൗതം കൃഷ്ണ .കെ (8B )

# മരണം വിശുദ്ധം



പി എം സജിത്ത്കുമാർ

മരണത്തിനു മുമ്പ്
ഒരാൾ അവസാനമായി പറഞ്ഞ
വാക്കുകളെ നാം
എത്ര സൂക്ഷ്മമായാണ്
പരിചരിക്കുന്നത് ....?
അതിലെ ചിരി, നിർത്തൽ,നോട്ടം
അത് പറഞ്ഞപ്പോൾ നിന്ന സ്ഥലം
അയാൾ അന്നിട്ട കുപ്പായം
ഇങ്ങനെയെന്തെല്ലാം
അയാൾ മരിച്ചില്ലായിരുന്നെങ്കിൽ
എന്നത്തേയും പോലെ ഇതെല്ലാം
നിസാരമായി പോകുന്ന ഒന്ന് മാത്രം
ഒരാളുടെ കണ്ണുകൾ പോലെ
അതിൽ ഓരോന്നിലേയും
കറുപ്പും വെളുപ്പും വർണങ്ങൾ പോലെ
വ്യക്തമായ രണ്ടവസ്ഥകൾ
നന്മയോ തിന്മയോ
ശാന്തമോ ക്രൗര്യമോ
ശരിയോ, തെറ്റോ
കള്ളനും പോലീസുമെന്നതിലേതു
പോലെ വെറും സാങ്കേതികമായ
ഒരു വിരുദ്ധാംശം
നമുക്കൊരാളിൽ കണ്ടേമതിയാവൂ
ജീവിക്കുമ്പോൾ പരമാവധി കറുപ്പും
മരിക്കുമ്പോൾ സാധ്യമായത്ര വെളുപ്പും !
സുഹൃത്തേ ,
ഒടുവിൽ അറുത്തെടുത്ത കുറെ പൂക്കൾ
വെച്ച് നീട്ടിയാൽ
നിങ്ങൾ നഷ്ടപ്പെടുത്തിയ വസന്തം
അയാളിൽ തിരിച്ചെത്തില്ല ...
മറ്റൊന്നുമല്ല
ഒരാളുടെ മരണം
നമ്മിലെ സ്നേഹകോശങ്ങളുടെ
അല്പമാത്ര സ്പന്ദമാപിനികളത്രെ !



# ലിറ്റിൽ കൈറ്റ്സ്


















# നോവ്



സൻമയ .പി. 6 A

അന്നൊരു മഴയുള്ള ദിവസമായിരുന്നു. പുറത്ത് കോരിച്ചൊരിയുന്ന മഴ അച്ഛനും അമ്മയും എങ്ങോട്ടോ പോകാനായി ധൃതിയിൽ ഒരുങ്ങുകയാണ്.

"അമ്മേ നിങ്ങൾ എവിടേക്കാ ഇത്ര രാവിലെ പോകുന്നെ ഞാനും വരുന്നു." വൃന്ദ മോൾ കിണുങ്ങി."ഏയ് മോളു വരേണ്ട, നല്ല മഴയാ." അമ്മ അവളെ പിന്തിരിപ്പിച്ചു. അവൾ മുഖം വീർപ്പിച്ച് ഉമ്മറത്തേക്ക് നടന്നു. "മുത്തശ്ശിയും അവർക്കൊപ്പം പോവുന്നുണ്ടോ"? ഉമ്മറത്തെ കസേരയിൽ വിഷമിച്ചിരിക്കുന്ന മുത്തശ്ശിയോട് അവൾ ചോദിച്ചു." മോളേ.......അത്.....ഞാൻ....

"അമ്മ വന്ന് വണ്ടിയിൽ കയറ്" അച്ഛൻ മുത്തശ്ശിയോട് പറഞ്ഞു. "ബേഗൊക്കെ ആയിട്ടാണോ മുത്തശ്ശി പോകുന്നത് ? അപ്പോൾ രാത്രി മോളെ ആരാ കഥ പറഞ്ഞ് ഉറക്കുന്നത്? മുത്തശ്ശി പോകണ്ട മുത്തശ്ശി.....

മുത്തശ്ശി അവളുടെ നിറുകയിൽ മുത്തമിട്ടു. അപ്പോഴാണ് അവൾ ശ്രദ്ധിച്ചത് മുത്തശ്ശിയുടെ കണ്ണുകൾ കരഞ്ഞു കലങ്ങിയത് പോലെയുണ്ട്. കവിളിൽ കണ്ണീർ ചാലുകൾ അവൾ കൾ കണ്ടു. അച്ഛനും അമ്മയും മുത്തശ്ശിയെ എവിടേക്കോ കൊണ്ടുപോവുകയാ അവൾ ചിന്തിച്ചു.

" അമ്മേ മുത്തശ്ശിയെ ഇവ്ട്ന്ന് കൊണ്ടോണ്ട" അവൾ വിങ്ങിപ്പൊട്ടി.

അമ്മ പറഞ്ഞു " മോളെ മുത്തശ്ശിയെ വയസ്സായവരെ താമസിപ്പിക്കുന്നിടത്തേക്കാ കൊണ്ടോണെ മോള് വിഷമിക്കേണ്ട നമുക്ക് മുത്തശ്ശിയെ ഇടയ്ക്ക് ചെന്ന് കാണാം.

അവൾ മറുപടി ഒന്നും പറയാതെ അകത്തേക്കോടി.

എന്നന്നേക്കുമായി ആ പടി കടന്നുപോകുമ്പോൾ മുത്തശ്ശി ഒന്നു തിരിഞ്ഞുനോക്കി തന്റെ ഭർത്താവിനൊപ്പം ആ പടികടന്നു വന്നതു മുതൽ ഉള്ള ഓരോ അനുഭവങ്ങളും മുത്തശ്ശിയുടെ മനസ്സിലൂടെ കടന്നുപോയി .കണ്ണീർ തുള്ളികളാൽ കാഴ്ച മങ്ങിപ്പോയി.

മുത്തശ്ശി പെട്ടന്നുതന്നെ കാറിൽ കയറി. കാർ കണ്ണിൽ നിന്ന് മറയുന്നതു വരെ വൃന്ദമോൾ ജനലഴിക്കുള്ളിലൂടെ നിറകണ്ണുകളുമായി നോക്കിനിന്നു.

ദിവസങ്ങൾ കടന്നുപോയി ഒരു ദിവസം മുത്തശ്ശിയുടെ അടുത്തേക്ക് അമ്മയും അച്ഛനും പോയി. മകനെ കണ്ടപാടെ മുത്തശ്ശി കാറിനടുത്തേക്കോടി "മോനെ വൃന്ദമോളെ കൊണ്ടന്നില്ലേ ?

"ഇല്ല അവൾ സ്കൂളിൽ പോയിന് ഇവിടെ കുട്ടിയാൽ അമ്മയെ കാണുമ്പോൾ കരഞ്ഞ് ബഹളം വയ്കും. ഉം..... മുത്തശ്ശി ഒന്നു മൂളുക മാത്രംചെയ്തു.

അപ്പോഴാണ് മുത്തശ്ശി കാറിലേക്ക് ശ്രദ്ധിച്ചത് കാറിൽ റിങ്കു എന്ന നായയെ കണ്ടത്. " ഓ....റിങ്കുനെ കൂടി കൊണ്ടന്നിന" മുത്തശ്ശി ചോദിച്ചു.

"ആ അമ്മേ,എങ്ങനെയാ അവനെ അവിടെ തനിച്ചാക്കി വരുന്നത്. അമ്മയ്ക്കറിയാലൊ ഞങ്ങളെ കാണാഞ്ഞാൽ അവന് വിഷമമാവും. അച്ഛൻപറഞ്ഞു.

മുത്തശ്ശി അച്ഛന്റെ മുഖത്തേക്ക് നോക്കി ആ നോട്ടത്തിന്റെ അർഥം അച്ഛന്



മനസ്സിലായതുകൊണ്ടാവണം പൊട്ടന്നുതന്നെ അവിടുന്ന് തിരിച്ച് പോയി. മുത്തശ്ശി സ്വന്തം മകൻ അകന്നു പോകുന്നത് നോക്കി നിന്നു. അവർ കൊണ്ടുകൊടുത്ത പൊതിക്കെട്ടുകൾ താഴെ വീണതുപോലും അറിയാതെ. അപ്പോഴും മുത്തശ്ശിയുടെ കവിളുകളിലൂടെ നൊമ്പരകടൽ ഒഴുകുന്നന്നുണ്ടായിരുന്നു.

# വേനൽ മഴ



നിയ കൃഷ്ണ 8a



ഒരു തരി മണ്ണിന് നനവേകുവാൻ
ഒത്തിരി മനസുകൾക്ക് ആശ്വാസമായി
തുള്ളികൾ ആയിന്ന് പൊഴിയുന്നിതാ
വേനൽ മഴയാം മധുരമഴ
വറ്റിവരണ്ടണ് പ്രദേശങ്ങളിൽ കുളിരിന്
തുള്ളികൾ പൊഴിയുന്നിതാ
പുഴകൾ പലതായി ഒഴുകുന്നിതാ
പല പല നിര കുട നിവരുന്നിതാ
കുടകളുമായെത്തി കുരുന്നു മക്കൾ
മഴ ബാക്കി ആസ്വദിക്കാൻ
ആഹ്ലാദലഹരിയിൽ കുരുന്നു മക്കൾ
പരക്കം പാച്ചിലായി അലയുന്നിതാ
മണ്ണിന് സുഗന്ധം പരക്കുന്നുവോ
ഇടനെഞ്ചിൽ അല്പം ആശ്വാസമായി
ഒരുതരി മണ്ണിന് നനവേകുവാൻ
ഇനിയും പൊഴിയുമോ മൃദു തുള്ളികൾ
പല പല മഴകൾക്കുമായിന്നുമേ
കാത്തിരിപ്പാണെ ഓരോ ജീവൻ.

# കാത്തിരിപ്പിന്റെ അവസാനം



ലിസ്മ.കെ

ഒരിടത്തൊരിടത്ത് ഒരു കൊച്ചു ഗ്രാമത്തിൽ ഒരു മിടുക്കി പെൺകുട്ടിയുണ്ടായിരുന്നു. അവളുടെ അച്ഛനും അമ്മയും ഗൾഫിലായിരുന്നു. അവളുടെ പേര് ആര്യ എന്നാണ്. അവളുടെ കൂടെ മുത്തശ്ശിയും മുത്തച്ഛനും ഉണ്ടായിരുന്നു. എന്നും അവൾ അവളുടെ അച്ഛനെയും അമ്മയെയും ഓർക്കും. അവൾ അച്ഛനെയും അമ്മയെയും അവസാനമായി കണ്ടത് അവൾക്ക് എട്ട് വയസ്സുള്ളപ്പോഴാണ്. അവളുടെ സഹോദരിക്കും അവൾക്കും ഒരേ വയസ്സായിരുന്നു രണ്ടുപേർക്കും 11 വയസ്സ്. രണ്ടുപേരും സ്കൂളിൽ എല്ലാറ്റിനും ഒന്നാം സ്ഥാനം നേടിയിരുന്നു.

അവൾ എല്ലാ ദിവസത്തെയും പോലെ സ്കൂളിൽ പോയി വന്നു. അപ്പോൾ അവളുടെ ഫോണിൽ ആരോ വിളിച്ചു. അവൾ അതു പോയി എടുത്തു. ആരാണെന്നറിയോ വിളിച്ചത്, അവളുടെ അമ്മ. അമ്മ പറഞ്ഞു, അടുത്ത ഞായറാഴ്ച ഞങ്ങൾ അവിടെ വരുമെന്ന്. അവൾ അതുകേട്ട് തുള്ളി ച്ചാടി മുത്തച്ഛന്റെയും മുത്തശ്ശിയുടെയും അടുത്തേക്കാണ് നേരെ പോയത്. അവരോട് ഈ കാര്യം പറഞ്ഞു. നേരെ പോയത് എവിടേക്കാണെന്നോ കലണ്ടറിനരികിലേക്ക്. അവൾ എണ്ണിത്തുടങ്ങി. ഇന്ന് ബുധനാഴ്ച. ശനിയാഴ്ചയാകാൻ ഇനി പത്ത് ദിവസം. ഞാൻ എങ്ങനെ ഇത്രയും ദിവസം തള്ളിനീക്കുമെന്നായിരുന്നു അവളുടെ ചിന്ത. അന്നവൾ സന്തോഷത്തോടെ ഉറങ്ങി.

പിറ്റേ ദിവസം അവൾ സ്കൂളിലേക്ക് പോയി. തൻ്റെ പ്രിയ മിത്രമായ കമലയോട് ഈ കാര്യങ്ങൾ പറഞ്ഞു. കമലയും സന്തോഷിച്ചു. വെള്ളിയാഴ്ചയും ആര്യ എങ്ങനെയോ കടന്നു നീക്കി. ശനിയാഴ്ച അവധിയായിരുന്നു.അവൾ ഒരു കാര്യം ആലോചിച്ചു. അച്ഛനും അമ്മയും വന്നാൽ അവരുടെ കൂടെ പോയാലോ എന്ന്. അവൾ ഈ കാര്യം മുത്തച്ഛ നോടും മുത്തശ്ശിയോടും പറഞ്ഞു. നീ പോയാൽ ഞങ്ങൾക്കാരാ ഉള്ളത്.

പക്ഷേ നിനക്കിവിടെ താമസിക്കാൻ താൽപര്യം ഇല്ലെങ്കിൽ നീ പോയ്ക്കോളൂ. പക്ഷെ നിൻ്റെ സഹോദരി നന്ദയെ ഇവിടെ നിർത്തണം. ആ ശരി അച്ഛമ്മേ.

അങ്ങനെ ശനിയാഴ്ചയായി. പ്രതീ ക്ഷിച്ചതു പോലെയായിരുന്നില്ല കാര്യങ്ങൾ. അവളുടെ കുടുംബം കയറിയ വിമാനം അപകടത്തിൽപെട്ട് താഴേക്ക് പതിച്ചു. വിമാന ത്തിലുണ്ടായിരുന്ന 80 പേർ മരിച്ചു. എല്ലാവരും കത്തിച്ചാമ്പലായി. ഈ വിവരം ടി.വിയിൽ വന്നു. അതുകണ്ടപ്പോൾ അവർ സങ്കടത്തി ലായി. ടി.വിയിലുള്ള ചിത്രത്തിൽ നിന്ന് അവളുടെ ചേച്ചിയുടെ കഴുത്തിൽ കിടന്നിരുന്ന മാലഅവൾ കണ്ടു. അതോടെ അവർക്ക് മനസ്സിലായി തന്റെ കുടുംബം കത്തിച്ചാമ്പലായിരിക്കുമെന്ന്. അവൾ അതുകണ്ടപ്പോൾ പൊട്ടിക്കരഞ്ഞു.

# കുഞ്ഞിപ്പൂമ്പാറ്റ

നിഹാര എ

വർണ്ണച്ചിറകുകൾ വീശിപ്പറക്കും കുഞ്ഞിപ്പൂമ്പാറ്റേ..

പൂക്കളിൽനിന്ന് തേൻ നുകരുന്ന കുഞ്ഞിപ്പൂമ്പാറ്റേ..

ആകാശത്തിൽ പാറിപ്പറക്കുന്ന കുഞ്ഞിപ്പൂമ്പാറ്റേ...

കുട്ടികളോടൊത്ത് കളിച്ചുനടക്കുന്ന കുഞ്ഞിപ്പൂമ്പാറ്റേ..

പൂക്കൾക്കെല്ലാം സന്തോഷം നൽകുന്ന കുഞ്ഞിപ്പൂമ്പാറ്റേ...

# Thoughts



DEVANJANA K(9C)

In my lot of thoughts,
There arise a lot of quotes
Some will about my dream
And by it, I will scream

Some will about my friend
Who is living in trend.
Much will about mothers
who are guiding others

Once I thought of Gaza's little ones
Who are infront of Israel's guns
And this is my doubt,
What the war had brought?

If I'm in my exams, I will get tensed
But my success will be sensed
If my failure is the result
I will be out of my parents' consult

In my thoughts, I brought
That in my every thought
There is a negative
As the same of a positive

Thinking of you is not easy
It depends upon my fantasy
As the fact, that, love is easy
But the queen is busy..

# മീനുവിന്റെ കൂട്ടുകാർ



അലൻ അനൂപ്
8A

മീനു തന്റെ വായനാ മുറിയിലേക്ക് ഓടിക്കയറി ഒരു മൂലയ്ക്ക് പതുങ്ങിയിരുന്നു ഒളിച്ചു കളിക്കുകയാണ്. കൂട്ടുകാരാരെങ്കിലും വരുന്നുണ്ടോ? അവൾ എത്തി വലിഞ്ഞ് നോക്കി. മീനു, മീനു, ആരോ വിളിക്കുന്നു. മീനു ചുറ്റും നോക്കി. ആരെയും കാണുന്നില്ലല്ലോ. മീനു മോളേ ഇങ്ങോട്ടു നോക്കൂ, ഞാനാണ് വിളിക്കുന്നത്. അവൾ അത്ഭുതപ്പെട്ടു. അലമാരയ്ക്കുള്ളിലെ പുസ്തകങ്ങളിലൊന്ന് അവളെ അത്ര കാര്യമായി വിളിക്കുന്നു. മീനു അങ്ങോട്ടു ചെന്നു. എന്താണ് നിന്റെ പേര്? പഞ്ചതന്ത്രക്കഥകൾ. ഞാൻ എത്ര നാളായി മീനുവിനെ കാത്തിരിക്കുന്നു. ധാരാളം നല്ല കഥകൾ എനിക്കറിയാം. വരൂ, എന്റെ പേജുകൾ മറിച്ചു നോക്കൂ.പുസ്തകം അവളെ ക്ഷണിച്ചു. മീനു പുസ്തകത്തിന്‍റെ പേജുകൾ ഓരോന്നായി മറിച്ചു നോക്കി. ഹായ്! നിറയെ ചിത്രങ്ങൾ, കഥകൾ. സിംഹത്തെ കിണറ്റിൽ ചാടിച്ച മുയലിന്റെ കഥ, നീലത്തിൽ വീണ കുറുക്കൻ രാജാവ് ചമഞ്ഞ കഥ........ എത്രയെത്ര കഥകൾ. ത്രാസ് എലി തിന്നെന്നു കള്ളം പറഞ്ഞ വ്യാപാരിയുടെ കഥ കണ്ടപ്പോൾ മീനു തുള്ളിച്ചാടി. ഈ കഥ ഞാൻ കഴിഞ്ഞ വർഷം പഠിപ്പിച്ചു തന്നല്ലോ, അവൾ പറഞ്ഞു. പുസ്തകം ചോദിച്ചു, എന്നെ ഇഷ്ടമായോ? മീനു സ്നേഹപൂർവ്വം പറഞ്ഞു, വളരെ ഇഷ്ടമായി. ആരാണ് ഈ കഥകളെല്ലാം ഉണ്ടാക്കിയത്? അവൾ ആരാണ്? അതൊരു കഥയാണ്. പുസ്തകം പറഞ്ഞു തുടങ്ങി.

പണ്ട് പണ്ട് ഒരു രാജാവുണ്ടായിരുന്നു.

അദ്ദേഹത്തിന് മുന്ന് പുത്രർ ഉണ്ടായിരുന്നു. മൂവരും തനി മടിയന്മാരായിരുന്നു. രാജാവ് എത്ര ശ്രമിച്ചിട്ടും ഒരു വക പഠിക്കുവാനവർ കൂട്ടാക്കിയില്ല. ഒടുവിൽ വിഷ്ണുശർമ്മ എന്ന പണ്ഡിതൻ എത്തി. അദ്ദേഹം രാജ കുമാരന്മാരോട് കഥകൾ പറഞ്ഞു. കുമാരന്മാർക്ക് വിഷ്ണുശർമയെ ഇഷ്ടമായി. അറിവുകളെല്ലാം കഥകളിലൂടെയായി അദ്ദേഹം അവർക്ക് പറഞ്ഞു കൊടുത്തു. കഥകൾ കേട്ട് രാജകുമാരന്മാർ മിടുമിടുക്കരാ യി പുസ്തകം ചോദിച്ചു, മീനക്കുട്ടിക്കും മിടുക്കിയാവേണ്ടേ. വേണം, വേണം, മീന ഉത്സാഹപൂർവ്വം പറഞ്ഞു. അവൾക്ക് പഞ്ച തന്ത്രയോട് സ്നേഹവും ആദരവും തോന്നി. അവൾ അതിന് ഒരു മുത്തം കൊടുത്തു. പുസ്തകത്തിന് കോരിത്തരിപ്പുണ്ടായി. ഇവ രെല്ലാം എന്റെ കൂട്ടുകാരാണ്. പഞ്ചതന്ത്രം മറ്റു പുസ്തകങ്ങളെ പരിചയപ്പെടുത്തി. ഒരു പുസ്തകം അവളെ അഭിവാദ്യം ചെയ്തു. ഔസേപ്പ് കഥകൾ എന്നാണെൻ്റെ പേര്. രസകരമായ നൂറു നൂറു കഥകൾ എനിക്കറിയാം. ലോകമെമ്പാടുമുള്ള കുട്ടികൾക്കെന്നെ ഇഷ്ടമാണ്. ആമയും മുയലും ഓട്ടപ്പന്തയം നടത്തിയ കഥ മീന കേട്ടിട്ടില്ലേ? ആ കഥ എൻ്റേതാണ്. പുസ്തകം അഭിമാനപൂർവ്വം പറഞ്ഞു. പൂച്ചയ്ക്ക് മണി കെട്ടാനാലോചിച്ച മൂഷികരുടെ കഥ, പൊൻമുട്ടയിടുന്ന താറാവിൻ്റെ കഥ, എല്ലിൻ കഷണം വെള്ളത്തിൽ കളഞ്ഞ ഇളിഭ്യനായ നായയുടെ കഥ..... ഇത്തരം ഒത്തിരിയൊത്തി രി കഥകൾ ഞാൻ പറഞ്ഞു തരാം. മീന ഓടിച്ചെന്ന് ആ പുസ്തകം കൈയ്യിലെടുത്തു. അപ്പോഴാണ് അവിടെയൊരു തേങ്ങൽ. കുട്ടി ക്കവിത എന്ന പുസ്തകമാണ് കരയുന്നത്. കരയാതെ, മീനക്കുട്ടി കവിതയെ ആശ്വസിപ്പിച്ചു. അവൾ പറഞ്ഞു, എനിക്ക് നിങ്ങളെ യെല്ലാം ഇഷ്ടമായി. കുട്ടിക്കവിത പുസതകങ്ങൾ നിരന്നിരിക്കുന്നു വല്ലോ. ഇലച്ചൂട്ടുകൾ, ഓലപ്പീലി, പുഷ്പവാടി, കുഞ്ഞുണ്ണിക്കവി തകൾ, ഹായ് എന്തു രസം! ഇക്കഴിഞ്ഞ ദിവസം ദൂരദർശിനി കണ്ട താണല്ലോ കുഞ്ഞുണ്ണിമാഷിനെ. കുഞ്ഞുണ്ണിക്കവിതകൾ മെല്ലെ എടുത്തു തുടങ്ങി. ആദ്യം കണ്ട കവിത ഇങ്ങനെ വായിച്ചു,

പരത്തിപ്പറഞ്ഞാൽ പർപ്പടകം
ഒതുക്കിപ്പറഞ്ഞാൽ പപ്പടം
വേഗം പറഞ്ഞാൽ പപ്പ്ടം

ഹായ് എന്തു രസം കൊച്ചു കൂട്ടുകാരേ.....
കൊച്ചുകൂട്ടുകാരേ നാളെ മുതൽ എന്നും ഞാൻ നിങ്ങളുടെ അടുത്ത് വരും. കുട്ടിക്കാലത്തുള്ള പുസ്തകം ഓരോന്നായി വായിക്കും, തീർച്ച
അതുകേട്ട പുസ്തകങ്ങളെല്ലാം സന്തോഷിച്ചു.
കുട്ടിക്കവിത പുസ്തകം ആഹ്ലാദപൂർവ്വം
അമ്പിളിയമ്മാവാ താമരക്കുമ്പിളിച്ചോറു തരാം......
എന്നി ങ്ങനെ കവിതയുടെ താളത്തിനൊത്ത് മീനവിന് ചുറ്റും നൃത്തം വച്ച

# എന്റെ പൂന്തോട്ടം

സിയോണ രഞ്ജിത്ത്



മുറ്റത്തുണ്ടൊരു പൂന്തോട്ടം

നിറമായുള്ളൊരു പൂന്തോട്ടം

എന്നും വിരിഞ്ഞ് നിൽക്കും പൂക്കൾ

എൻറെ സ്വന്തം പൂക്കൾ

പൂവിൽ നിറയെ മധുരത്തേൻ

എന്നെന്നുമെത്തും പൂമ്പാറ്റകൾ

പട്ടുപോൽ മൃദുലമാം പൂക്കൾ

എന്തു ഭംഗിയാം പൂക്കൾ.

# മുറിച്ചീടല്ലേ



ശ്രീയ ഷിജോയ്

നാട്ടാരേ നാട്ടാരേ പാവം
പക്ഷികൾ ജീവിച്ചോട്ടെ
നമുക്ക് ശുദ്ധവായു നൽകും
നല്ല മരങ്ങൾ മുറിച്ചീടല്ലേ
നമ്മുടെ നാടിൻ പച്ചപ്പ്
നാമായ് തന്നെ മാറ്റീടല്ലേ
അണ്ണാൻ, പക്ഷികൾ
ചെറുപ്രാണികളും
ഇഴജന്തുക്കൾക്കും
ആശ്രയമാവും
നന്മ മരങ്ങൾ മുറിച്ചീടല്ലേ
വായു, വെള്ളം, പരിസ്ഥിതിയും
സംരക്ഷിക്കാൻ ഒത്തുചേരാം
ഒത്തുചേർന്ന് പൊരുതിയാൽ
പിന്നെ ക്രൂരത അങ്ങ് മാറ്റീടാം
ആ ക്രൂരത അങ്ങ് മാറ്റീടാം



# നാട്ടുമാവ്

അഭിനവ് സോമൻ

ഞങ്ങളുടെ നാട്ടിലെ ഭഗവതിക്കാവിനടുത്താണ് ആ നാട്ടുമാവ് വളർന്നു പന്തലിച്ചു നിൽക്കുന്ന ആ മാവു നിറയെ എല്ലാ വർഷവും നല്ല മധുരമുള്ള നാട്ടുമാങ്ങ ഉണ്ടാവാറുണ്ട്. പണ്ട് മുത്തശ്ശൻ പോലും ആ മാവിൻ ചുവട്ടിലിരുന്ന് കളിച്ചിട്ടുണ്ട് എന്നാണ് നാട്ടു കാർ പറയുന്നത്.

വേനലവധിക്ക് മാവിൻ ചുവട്ടിൽ നിറയെ കുട്ടികളായിരിക്കും. അതും കാലത്തുതന്നെ. മാവിൻ ചോട്ടിലെ മാമ്പൂക്കണ്ണൻമാരോട് ഒരു മാങ്ങയിട്ടു തരാൻ ഞങ്ങളിടക്കൊക്കെ പറയും. ഒരു ചെറിയ കാറ്റടിക്കുമ്പോഴേക്കും നാട്ടുമാങ്ങ വീഴാൻ തുടങ്ങും. ഏറിയ ദിവ സങ്ങളിലും നാട്ടിലെ കുട്ടികൾ മാവിൻ ചുവട്ടിൽ തന്നെ കാണും. നാട്ടിലെവിടേം മാങ്ങയില്ലാതെ വരുന്ന കാലത്തും ഈ നാട്ടുമാ വിൽ നിറയെ മാങ്ങ കാണും. ഇത് ഇവിടത്തെ ഭഗവതിയുടെ ശക്തി കൊണ്ടാണെന്നാണ് രാവുണ്ണിമാരാരു പറയുന്നത്.

കാവിലെ ചെണ്ടക്കാരനാണ് രാവുണ്ണിമാരാർ. ഭഗവതിയെ പ്രീതിപ്പെടുത്താൻ വേണ്ടി കാവിലെ എല്ലാ ഉത്സവങ്ങളിലും ചെണ്ട കൊട്ടാറുള്ളത് ഈ രാവുണ്ണിമാരാർ ആണ്. വൈകുന്നേരമാവുമ്പോൾ മാവിനു ചുറ്റും കെട്ടിയ തറയിൽ നിറയെ ആളുകളായിരിക്കും. കുറേ ചേട്ടൻമാരും പ്രായമുള്ളവരും ഒക്കെ കൂടി ഒരു ബഹളം തന്നെയാണ് വൈകുന്നേരങ്ങളിൽ.

വണ്ണാത്തിപ്പുഴ കാവിനടുത്തു കൂടി ഒഴുകുന്നതു കാരണം എപ്പോഴും നല്ല തണുത്ത കാറ്റു കിട്ടാറുണ്ട്. അതുകൊണ്ടുതന്നെ ചുട്ടുപൊള്ളുന്ന വെയിലിലും മാവിൻ ചുവട്ടിൽ നല്ല തണുപ്പായിരിക്കും. ചില ചേട്ടൻമാർ ഫോണിൽകളിക്കുന്നുണ്ടാകും. ചിലർ തമാശ പറഞ്ഞ് ചിരിക്കുന്നുണ്ടാകക പ്രായമായ ചിലർ മാത്തറയിലിരുന്ന് അക്ഷരശ്ലോകം ചെയ്യുക.



കേൾക്കാം. എന്നാൽ അമ്പലത്തിലെ നട തുറന്നാൽ എല്ലാം നിശബ്ദമായിരിക്കും. ഈ സമയത്ത് നാട്ടിലുള്ള അധികമാളുകളും സ്ഥലത്തിൽ വന്ന്

തൊഴുതു മടങ്ങും. കാവിനടുത്തു തന്നെ ഒരു മാളികവീടെന്ന കെട്ടിടമുണ്ട്. കാവുവക ചിലപ്പോൾ അവിടെയും പൂജകളൊക്കെ നടത്താറുണ്ട്. അന്നെ ദിവസം ഞങ്ങൾ കുട്ടികളൊക്കെ അവിടെ എത്തും. കാരണം അന്ന് ഞങ്ങൾക്ക്അവിടെ നിന്നും അവൽ, മലർ, ശർക്കര, പഴം എന്നിവയൊക്കെ കിട്ടും.

മാളിക വീടിൻ്റെ നീണ്ട വരാന്തയിലെ ഗോവണിപ്പടിക്കു താഴെ വർഷങ്ങളായി ഒരാൾ താമസിക്കുന്നുണ്ട്. ഒരു തമിനോട്ടുകാ ദൊരൈസാമി എന്നാണ് നാട്ടുകാർ അയാളെ വിളിക്കുന്നത് .

കാവിലെ വിശേഷ ദിവസങ്ങളിലെ എല്ലാ ഭജനകളിലും ദൊരൈസാമി ഭജന പാടാറുള്ളതാണ്. അതുകൊണ്ട് നാട്ടുകാരിൽ ചില രൊക്കെ അയാളെ ഭജനസാമി എന്നും വിളിക്കുന്നതു കേൾക്കാം. ദൊരൈസാമി രാവിലെ തന്നെ എഴുന്നേറ്റ് വണ്ണാത്തിപ്പുഴയിൽ പോ യി കുളിച്ച് കാവിൽ പോയി തൊഴുത് നേരെ ഗോപാലേട്ടൻ്റെ ചായ ക്കടയിൽ നിന്നും ഒരു ചായ വാങ്ങി കുടിച്ച് നേരെ മാത്തറയി ലേക്ക് വരും.

മാത്തറയും ചുറ്റുപാടുകളും വൃത്തിയാക്കി ചുറ്റും വീണ മാങ്ങകളൊക്കെ പെറുക്കിയെടുത്ത് വെക്കും. നാട്ടിലെ ഏതു വീട്ടിലും ചെന്നാൽ ദൊരൈസാമിക്ക് ഭക്ഷണം കിട്ടും. ചില വീടുകളിൽ പോയി അല്ലറച്ചില്ലറ പണികളൊക്കെ ചെയ്ത് കൊടുക്കും. അതിനുള്ള കാശും അവർ ദൊരൈസാമിക്ക് കൊടുക്കും. അങ്ങനെ ദൊരൈസാമി ഈ നാട്ടുകാരനായി മാറി. ഇന്ന് ദൊരൈസാമി ഇല്ലാത്ത ഈ നാടിനെപ്പറ്റി ചിന്തിക്കാനെ നാട്ടുകാർക്കാവില്ല.

രാത്രി കാലങ്ങളിൽ വീഴുന്ന മാങ്ങകളൊക്കെ പെറുക്കി വെച്ച് രാവിലെ വരുന്ന കുട്ടികൾക്ക് കൊടുക്കുന്നതുകൊണ്ട് തന്നെ നാട്ടിലെ കുട്ടികൾക്കൊക്കെ ദൊരൈസാമിയോട് വലിയ ഇഷ്ടമാണ്. എന്നാൽ ഇത്രയൊക്കെയായിട്ടും ദൊരൈസാമി ഇപ്പോഴും നന്നായി മലയാളം സംസാരിക്കാൻ അറിയില്ല. വായിക്കാനുമറിയില്ല. ഒരു ദിവസം ഞങ്ങളൊക്കെ മാഞ്ചോട്ടിലെത്തിയപ്പോൾ എല്ലാ വരും കൂടിച്ചേർന്ന് ഒരു തീരുമാനം എടുത്തു. നമുക്കെന്നും പഴുത്ത മാങ്ങ തരുന്നതിന് പകരമായി നമ്മൾ ദൊരൈസാമിയെ മലയാളം പഠിപ്പിക്കുക. കാര്യം ഞങ്ങളൊക്കെ ചേർന്ന് ദൊരൈസാമിയെ അറിയിച്ചു നീ എല്ലാവരും ശൊന്നാ..... ശരിയപ്പാ..... നാറെഡി .. ദൊരൈസാമി പറഞ്ഞതും ഞങ്ങളെല്ലാവരും ചേർന്ന് കൈയ്യ ടിച്ചുപോയി.

സാധാരണ മാഞ്ചോട്ടിലിരിക്കാറുള്ള ഞങ്ങളെ മാളിക വീടിൻ്റെ വരാന്തയിൽ കാണാൻ തുടങ്ങിയതോടെ ചിലരൊക്കെ

ഞങ്ങളെ ശ്രദ്ധിക്കാൻ തുടങ്ങി. ചില ചേട്ടൻമാർ വഴക്കു പറഞ്ഞു. ഞങ്ങൾ അവരോട് കാര്യം പറഞ്ഞപ്പോൾ അവർക്ക് അത്ഭുതം തോന്നി. ചിലർ തമാശയാക്കി ചിരിച്ചു. മറ്റു ചിലർ അത് കാര്യമാക്കി.



അങ്ങനെ കുറച്ചു ദിവസങ്ങൾക്കുള്ളിൽ ദൊരൈസാമിയെ മലയാളം പഠിപ്പിക്കാൻ ചില ചേട്ടൻമാർ വന്നുതുടങ്ങി. അഞ്ചു പത്തു ദിവസം കൊണ്ട് ഞങ്ങളൊക്കെ ചേർന്ന് അയാളെ കുറച്ച് അക്ഷരങ്ങൾ പഠിപ്പിച്ചതുകൊണ്ട് പിന്നീട് ചേട്ടൻമാർ വന്നപ്പോൾ അവർക്കത് എളുപ്പമായി. എന്നാൽ ചേട്ടൻമാർ വന്നു പഠിപ്പിക്കാൻ തുടങ്ങി യതോടെ ദൊരൈസാമിയോടൊപ്പം ചേട്ടൻമാരിൽ നിന്നും ഞങ്ങളും ചിലതു പഠിച്ചു തുടങ്ങി.

അങ്ങനെ മാളിക വീടിൻ്റെ വരാന്ത ചെറിയൊരു ട്യൂഷൻ സെന്ററായി മാറി. കാര്യം നാട്ടുകാരറിഞ്ഞതോടെ എല്ലാവർക്കും അത് നല്ലതായി തന്നെ തോന്നി. കാവിലെ കമ്മിറ്റിക്കാർ അതിന് പൂർണ പിന്തുണയും നൽകി. ഇന്ന് ഏതാണ്ട് ഞങ്ങളെ പോലുള്ള കുട്ടികൾ അടക്കം ഒരു പത്തുനാൽപ്പത് പേരുണ്ട് ക്ലാസിൽ. ഞങ്ങളൊക്കെ ആറാം ക്ലാസുകാരാണ്. ഞങ്ങളെക്കൂടാതെ ഉയർന്ന ക്ലാസിൽ പഠി ക്കുന്ന കുട്ടികൾ കൂടി വരാൻ തുടങ്ങിയതോടെ കാര്യം ഗൗരവമുള്ളതായി..... നാട്ടുകാർ ധൈര്യപൂർവ്വം അതേറ്റെടുത്തു.

ഇതിനിടയിൽ ദൊരൈസാമി മാവിൻ ചോട്ടിലിരുന്ന് മലയാള പത്രം വരെ വായിക്കാൻ തുടങ്ങി. അയാൾ തപ്പിത്തടഞ്ഞ് വാക്കുകൾ കൂട്ടിവായിക്കുന്നതും കേൾക്കാൻ നല്ല രസമാണ്.


മാളിക വീട്ടിലിപ്പോൾ കുട്ടികൾ നൂറ്റി എഴുപതിലേറെയായി. ശനിയും ഞായറും എന്നുവേണ്ട എല്ലാ അവധി ദിവസങ്ങളിലൊക്കെയും മാളിക വീട് ഒരു സ്കൂൾ അന്തരീക്ഷം തന്നെയാണ്. ഇത്ത വണ പത്താം ക്ലാസ് പരീക്ഷയ്ക്ക് നൂറിൽ നൂറും നമ്മുടെ നാടിനു തന്നെ കിട്ടണം എന്ന തീരുമാനത്തിലാണ് നാട്ടുകാർ. അതിനുവേണ്ടി എല്ലാവരും നല്ല ഓട്ടത്തിലാണ്.

ദൊരൈസാമി ഇപ്പോൾ ഞങ്ങളുടെ ട്യൂഷൻ സെന്ററിലെ പ്യൂണാണ്. വരാൻ പോകുന്ന പത്താം ക്ലാസ് പരീക്ഷയ്ക്ക് നാട്ടിലെ എല്ലാ പത്താംതരക്കാരെയും ജയിപ്പിക്കാൻ വേണ്ടി കഠിനശ്രമം നടത്തുകയാണ് ചേട്ടൻമാർ. അതിന് പൂർണ പിന്തുണയുമായി ഞ ങ്ങളും അവരുടെ കൂടെ രാവും പകലും ഉണ്ട്.

അടുത്ത നാട്ടിൽ നിന്നു പലും മാളിക വീടെന്ന ഈ ട്യൂഷൻ സെൻ്റർ തേടി കുട്ടികൾ എത്താൻ തുടങ്ങി. അങ്ങനെ പതിയെ പതിയെ മാളിക വീടെന്ന ഈ ട്യൂഷൻ സെൻ്റർ പടർന്ന് പന്തലിച്ച് ഒരു വലിയ വിദ്യാഭ്യാസ പ്രസ്ഥാനമായി മാറി. സ്ഥലം എം.എൽ.എ അത് വിവരിക്കുമ്പോഴും

**സദസിൽ നിന്ന് നീണ്ട കരഘോഷങ്ങൾ മുഴങ്ങുമ്പോഴും ഞങ്ങൾ കുട്ടികൾ നാട്ടുമാവിൻ തറയിലിരുന്ന് ഓർക്കുകയായിരുന്നു അന്നീ മാവിൻ ചുവട്ടിലിരുന്ന് ഞങ്ങളെടുത്ത ഒരു തീരുമാനം അത് ഇന്ന് ഈ നാടിൻ്റെ വലിയൊരു മാറ്റത്തിനു തന്നെ കാരണമായി തീർന്ന ആ നാൾവഴികൾ......**

# നിഴൽ




ശ്രാവണ ജ്യോത്സന

ഇരുട്ടിൽ നീ അകന്നിരിക്കവേ
ഒറ്റപ്പെടുകയായിരുന്നു ഞാൻ...
വെളിച്ചം വരുമ്പോഴേക്കും
എൻ അരികിലേക്ക്
കുണുങ്ങി കുണുങ്ങി നീ എത്തുമ്പോൾ
എന്തെന്നില്ലാത്തൊരനുഭൂതി
എന്നും എന്റെ സങ്കടത്തിലും സന്തോഷത്തിലും
നീ പങ്കു ചേരുമ്പോൾ
നിന്നോടുള്ള അടുപ്പവും
കൂടി വരുന്നു
എന്റെ പ്രതിരൂപമായ
നീ എന്നും എനിക്ക് ഒരു
തണലായ് ഒരു കൂട്ടായ്
കൂടെയുണ്ടാവില്ലേ...?



# ലഹരി



നാജിയ ഫാത്തിമ

അരുതേ അരുതേ കൂട്ടരേ
ലഹരിയാം കെണിയിൽ വീഴരുതേ
അമ്മതൻ സ്വപ്നവും പ്രതീക്ഷയുമെല്ലാം
നീയാണെന്നും നീ ഓർത്തീടണേ..

പല പല പേരിൽ സുലഭവുമല്ലോ
മയക്കു മരുന്നിൻ ഉത്പന്നം
ഒരിക്കൽ നുണഞ്ഞു വീണ്ടും വീണ്ടും
കൊതിതോന്നീടുമീ ലഹരിയതിൽ
ഒരിക്കൽ വീണാൽ കരകയറാനോ
പ്രയാസമേറെയുണ്ടെന്നറിഞ്ഞീടേണേ
പടിപടിയായ് നാം ചെന്നെത്തുന്നതോ
നാശത്തിലേക്കാണെന്നറിഞ്ഞീടണേ...
ലഹരിക്കെതിരേ പോരാടാനായ്
ഒത്തൊരുമിക്കാം നമുക്കെന്നും
ജീവിതമാണു ലഹരിയെന്നും
ഓർത്തീടേണം നമ്മളെന്നും




# അവനി

അനീന ബിജോയ്

എന്തിനീ ക്രൂരത എന്നോടു കാട്ടുന്നു
എന്തിനീ ചെയ്തികൾ എന്നോടു ചെയ്യുന്നു
നിമ്നോന്നതമായ പർവ്വതങ്ങൾ
കാൺമാനില്ലിന്നു കാൺമാനില്ല
വിധ്വംസനംകൊണ്ട് എന്ത് നേടി
മമ ചരമഘട്ടം എത്തി നിൽപ്പൂ
എത്തുന്നു നിങ്ങൾതൻ കിരിദിനങ്ങൾ
ചരമപ്രാന്തസ്ഥനായ് ശപിക്കുന്നു നിങ്ങളെ
ഉത്ഥാനിക്കില്ല ഞാൻ ഇനിയൊരിക്കൽ
നിങ്ങൾ ഈ ചെയ്തികൾ ചെയ്തതിനാൽ
കൃതജ്ഞത ഏകി ഞാൻ പോകുമൊരുനാൾ
എന്നെന്നേക്കുമായി വിട ഏകി ഞാൻ

# പഠനയാത്രാവിവരണം



അർച്ചന.പി
8B



ജനുവരിമാസത്തിലെ അവസാന ചൊവ്വാഴ്ച്ച അതായത് ജനുവരി 30. അന്നാണ് ഞങ്ങൾ സ്കുളിൽനിന്ന് വയനാട്ടിലേക്ക് പഠനയാത്ര പോയത് സൂര്യനുണരും മുമ്പേ എഴുന്നേറ്റ് യാത്രയ്ക്ക് പോകാൻ ഞാൻ തയ്യാറായി നിന്നു. വയനാട് ജില്ലയിലെ പലപല സ്ഥലങ്ങൾ കാണാനാണ് ഞങ്ങളുടെ യാത്ര. 8,9 ക്ലാസുകൾ ഉൾപ്പെടെ ഞങ്ങൾ 70 തിൽ പരം വിദ്യാർഥികൾ അടങ്ങുന്ന ഒരു പഠനയാത്രയായിരുന്നു അത് ഒരു ബസ്സിലും ഒരു ട്രാവലറിലും ആണ് ഞങ്ങൾ യാത്ര പോയത് .ബസ്സ്, ട്രാവലർ എന്നിങ്ങനെ ഓരോ സ്ഥലം കഴിയുന്തോറും ഞങ്ങൾ രണ്ട്



വാഹനങ്ങളിലും കയറിയിറങ്ങി. രാവിലെ 6 മണിക്ക് ഞങ്ങൾ സ്കൂളിൽ നിന്നും  നിന്നും പുറപ്പെട്ടിരുന്നു. ബസ്സിൻ്റെ ആദ്യ സീറ്റിലെ ജനാലക്കരികിലായിരുന്നു ഞാൻ ഇരുന്നത്.

എന്റെ കൂടെ എന്റെ ഉറ്റസുഹൃത്തായ ആർദ്രയാണ് ഇരുന്നത്. കുറച്ചു നേരം പുറംകാഴ്ച്ച കാണുകയും പിനീട് പാട്ടിനൊത്ത് ഡാൻസ് കളിക്കുകയുമായിരുന്നു.


ആദ്യമായിട്ടാണ് ഞാൻ വയനാട്ടിൽ പോകുന്നത്. വയനാട് എത്തുമ്പോഴേക്കും തണുപ്പ് എന്നെ മൂടിയിരുന്നു. ശേഷം അവിടത്തെ ഒരു വീട്ടിൽ കയറി ഞങ്ങൾ പ്രഭാതഭക്ഷണം കഴിച്ചു വെള്ളയപ്പവും ഇഷ്ടും കഴിച്ചു. ആദ്യം ഞങ്ങൾ പഴശ്ശി കുടീരത്തേക്കാണ് പോയത്. അവിടെ നിന്ന് പഴശ്ശിരാജയെ അടക്കം ചെയ്ത സ്ഥലം ഞങ്ങൾ കണ്ടു.



അവിടെ വച്ച് ഒരു സാർ ആ സ്ഥലത്തെ പറ്റി ക്ലാസ് എടുത്തു. ശേഷം അവിടെയുള്ള പഴശി മ്യൂസിയം കണ്ട് ഞങ്ങൾ കരലാഡ് തടാകം കാണാൻ പോയി. അവിടെയുള്ള പാർക്കിൽ കളിച്ചു. തടാകം നിറയെ താമരപൂക്കൾ അയിരുന്നു. തടാകത്തിലെ പാലം വഴി നടന്ന് അവിടെ നിന്ന് കുറേ ഫോട്ടോ എടുത്ത് ഞങ്ങൾ ഉച്ചഭക്ഷണം കഴിക്കാനായി ഒരു



റെസ്റ്റോറന്റിൽ പോയി. അവിടെ നിന്ന് ഞങ്ങൾ ബിരിയാണി കഴിച്ചു. ശേഷം ഞങ്ങൾ മീൻമുട്ടി വെള്ളച്ചാട്ടത്തിലേക്ക് പോയി.കയറിൽ പിടിച്ച് ആ വെള്ളച്ചാട്ടം കയറി ഞങ്ങൾ മുകളിൽ എത്തി. ആ വെള്ളച്ചാട്ടം കയറുമ്പോൾ ഞാൻ വളരെ പേടിച്ചിരുന്നു. ആ വെള്ളച്ചാട്ടം കയറുമ്പോൾ കുറെ ഫോട്ടോ എടുത്തു. അവിടെ കുറേ ഊഞ്ഞാലുകൾ



ഉണ്ടായിരുന്നു. അതിൽ ഉഞ്ഞാലാടി, അപ്പോൾ അവിടെ കുറേ കുരങ്ങൻമാരെ ഞാൻ കണ്ടു. എൻ്റെ കൈയിലുള്ള മിഠായി ഞാൻ ആ കുറങ്ങന് കൊടുത്തു.

പിന്നീട് കുറച്ച സമയം ഷോപ്പിങ്ങിന് ലഭിച്ചു. ഞാൻ കുറെ ചോക്ലേറ്റും ഐസ്ക്രീമും വാങ്ങിച്ചു.ഞാനും എന്റെ കൂട്ടുകാരി ആർദ്രയും ഒരുപോലത്തെ ബ്രേസ്‌ലെറ്റ് വാങ്ങി.ശേഷം ഞങ്ങൾ ക്യാമ്പ് ഫയർന് പോയി. അവിടെ തീക്ക് ചുറ്റും ഇരുന്ന് ഞങ്ങൾ ഡാൻസ് കളിച്ചു.അന്നേരം ഞങ്ങള്ക് ടീച്ചേർസ് ഐസ് ക്രീം കൊണ്ട് തന്നു.അതിനുശേഷം രാത്രി ഭക്ഷണം കഴിക്കാനായി ഞങ്ങൾ അതേ റെസ്റ്റോറന്റിൽ പോയി.അവിടെ പൊറോട്ട, ചപ്പാത്തി, നെയ്ച്ചോർ, ചിക്കൻ ടിക്ക, മസാലക്കറി എന്നിവ എല്ലാം ഉണ്ടായിരുന്നു. ശേഷം പാട്ടുവച്ച് ഡാൻസ് കളിച്ച് ഞങ്ങൾ വീട്ടിലേക്ക് തിരിച്ചു. അച്ഛൻ്റെ കൂടെ ഞാൻ വീട്ടിലക്ക് പോയി. അന്നേരം ഏകദേശം 12 മണി കഴിഞ്ഞിരുന്നു.



ദൈവത്തിൻ്റെ സ്വന്തം നാടാണ് കേരളമെങ്കിൽ ആ നാട്ടിലെ സ്വർഗഭൂമിയാണ് വയനാട് എന്ന് എനിക്കുതോന്നി. കാടും മേടും മഞ്ഞും മലകളും തടാകങ്ങളും താഴ് വരകളുമെല്ലാം ഇഴചേർന്ന് കിടക്കുന്ന അനുഗ്രഹീത മണ്ണ് ഞങ്ങൾക്ക് മുമ്പിൽ തുറന്ന് തന്നത് വിശ്വസുന്ദരമായ പ്രകൃതിഭംഗിയുടെ വാതായനങ്ങളായിരുന്നു .മനോഹരമായ ഞങ്ങളുടെ യാത്ര മറക്കാനാകാത്ത വിസ്മയമായിരുന്നു

